# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 2<br>November 2 | 2018 |
|---|---|

***1193 തുലാം 16 വെള്ളി***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ശബരിമല ചിത്തിര ആട്ടവിശേഷം**
**തീർഥാടകരെ അഞ്ചിന് ഉച്ചയോടെ മാത്രമേ കടത്തിവിടൂ**

ചിത്തിര ആട്ടവിശേഷ പൂജയ്ക്കായി ശബരിമല നട ഈ മാസം അഞ്ചിന് തുറക്കുന്ന സാഹചര്യത്തിൽ തീർഥാടകരെ അഞ്ചിന് ഉച്ചയോടുകൂടി മാത്രമേ നിലയ്ക്കലിൽ നിന്നും പമ്പയിലേക്കും സന്നിധാനത്തേക്കും സുരക്ഷാ പരിശോധനകൾക്ക് ശേഷം കടത്തിവിടൂ എന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു. ഭക്തരല്ലാതെ ആരെയും പമ്പയിലേക്കോ സന്നിധാനത്തേക്കോ കടത്തിവിടുകയോ തങ്ങുവാൻ അനുവദിക്കുകയോ ചെയ്യില്ല. നിലവിലെ സാഹചര്യം പരിഗണിച്ച് ശബരിമലയിലും പരിസരപ്രദേശങ്ങളിലും പ്രത്യേക സുരക്ഷാ മേഖലയായി പരിഗണിച്ച് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കും. സംസ്ഥാനപോലീസ് മേധാവിയുടെ നിർദേശപ്രകാരം ദക്ഷിണമേഖലാ എഡിജിപിയുടെ നേതൃത്വത്തിൽ രണ്ട് ഐ.ജിമാർ, അഞ്ച് എസ്.പിമാർ, 10 ഡിവൈഎസ്പിമാർ എന്നിവരുൾപ്പെടെ 1200 പോലീസ് ഉദ്യോഗസ്ഥരെയാണ് ഇന്ന് (3) മുതൽ വടശേരിക്കര, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ നാല് സെക്ടറുകളിലായി ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ളത്. (പിഎൻപി 3552/18)

## നേവൽ വിമുക്തഭടന്മാരുടെ വാർഷിക ജനറൽ ബോഡി മീറ്റിംഗ്

കൊച്ചി ആസ്ഥാനമായ നേവൽ വിമുക്തഭടന്മാരുടെ പത്താമത് ആനുവൽ ജനറൽ ബോഡി യോഗം ഈ മാസം 18ന് രാവിലെ 9.30ന് കൊച്ചി സാഗരിക നേവൽ ബേസിൽ നടക്കും. ബന്ധപ്പെട്ടവർ പങ്കെടുക്കണമെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു. ഫോൺ: 0484 2873334. (പിഎൻപി 3554/18)

## പോഷകാഹാര വാരാചരണം ഉദ്ഘാടനം ചെയ്തു

വനിതാശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ദേശീയ പോഷകാഹാര വാരാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം കുമ്പളാംപൊയ്ക സിഎംഎസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ആന്റോ ആന്റണി എംപി നിർവഹിച്ചു. വടശേരിക്കര ഗ്രാമ പഞ്ചായത്ത് വൈസ്പ്രസിഡന്റ് സൂസൻ ജേക്കബ് അധ്യക്ഷത വഹിച്ച ചടങ്ങിൽ തദ്ദേശഭരണ ഭാരവാഹികളായ ചിഞ്ചു അനിൽ, കെ.ഇ.തോമസ്, ചിത്രലേഖ, ജില്ലാ സാമൂഹ്യനീതി ഓഫീസർ എൽ.ഷീബ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ, കുടുംബശ്രീ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ മണികണ്ഠൻ, സിഡിപിഒ കെ.ജാസ്മിൻ, സി.എസ്.അജീഷ് കുമാർ, പ്രൊഫ.വിനോദ് കുമാർ, കെ.ആർ.മോഹനൻ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 3555/18)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| നവംബർ 2<br>**November 2** | **2018** |

*1193 തുലാം 16 വെള്ളി*

# പത്രക്കുറിപ്പ് -2

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

**ആദ്യ ഫയലിൽ അയച്ച വാർത്ത ഉപയോഗിക്കരുത്. അപ്ഡേറ്റ് ചെയ്ത ഈ വാർത്ത ഉപയോഗിക്കുക.**

**ശബരിമല ചിത്തിര ആട്ടവിശേഷം:**
**തീർഥാടകരെ അഞ്ചിന് രാവിലെ മാത്രമേ കടത്തിവിടൂ**

ചിത്തിര ആട്ടവിശേഷ പൂജയ്ക്കായി ശബരിമല നട തുറക്കുന്നതുമായി ബന്ധപ്പെട്ട് തീർഥാടകരെയും മാധ്യമ പ്രവർത്തകരെയും അഞ്ചിന് രാവിലെ എട്ടു മണിയോടു കൂടി മാത്രമേ നിലയ്ക്കലിൽ നിന്നും പമ്പയിലേക്കും സന്നിധാനത്തേക്കും സുരക്ഷാ പരിശോധനകൾക്ക് ശേഷം കടത്തിവിടൂ എന്ന് ജില്ലാ പോലീസ് മേധാവി ടി. നാരായണൻ അറിയിച്ചു.

ഭക്തരല്ലാതെ ആരെയും പമ്പയിലേക്കോ സന്നിധാനത്തേക്കോ കടത്തിവിടുകയോ തങ്ങുവാൻ അനുവദിക്കുകയോ ചെയ്യില്ല. നിലവിലെ സാഹചര്യം പരിഗണിച്ച് ശബരിമലയിലും പരിസരപ്രദേശങ്ങളിലും പ്രത്യേക സുരക്ഷാ മേഖലയായി പരിഗണിച്ച് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കും. സംസ്ഥാനപോലീസ് മേധാവിയുടെ നിർദേശപ്രകാരം ദക്ഷിണമേഖലാ എഡിജിപിയുടെ നേതൃത്വത്തിൽ ര ് ഐ.ജിമാർ, അഞ്ച് എസ്.പി മാർ, 10 ഡിവൈഎസ്പി മാർ എന്നിവരുൾപ്പെടെ 1200 പോലീസ് ഉദ്യോഗസ്ഥരെയാണ് ഇന്ന് (3) മുതൽ വടശേരിക്കര, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ നാല് സെക്ടറുകളിലായി ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ളത്. (പിഎൻപി 3556/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| നവംബർ 2<br>November 2 | 2018 |
|---|---|

*1193 തുലാം 16 വെള്ളി*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**നിരോധനാജ്ഞ പ്രഖ്യാപിച്ചു**

ഇലവുങ്കൽ , നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ നവംബർ മൂന്നിന് അർധരാത്രി മുതൽ നവംബർ ആറിന് അർധരാത്രി വരെ നിരോധനാജ്ഞ പ്രഖ്യാപിച്ച് ജില്ലാ കളക്ടറും ജില്ലാ മജിസ്ട്രേട്ടുമായ പി.ബി. നൂഹ് ഉത്തരവായി.

ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള എല്ലാ പ്രദേശങ്ങളിലും മുഴുവൻ റോഡുകളിലും ഉപ റോഡുകളിലും നിരോധനാജ്ഞ ബാധകമാണ്. പ്രാർഥനാ യജ്ഞം, മാർച്ച്, പ്രകടനം, പൊതുയോഗം, മറ്റ് നിയമ വിരുദ്ധ സംഘം ചേരൽ എന്നിവയ്ക്ക് നിരോധനം ബാധകമാണ്. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകർക്ക് സമാധാനപരമായി ദർശനം നടത്തുന്നതിനും അവരുടെ വാഹനങ്ങൾ സുഗമമായി സഞ്ചരിക്കുന്നതിനും നിരോധനാജ്ഞയിൽ നിന്ന് ഒഴിവാക്കിയിട്ടു ്. ജില്ലാ പോലീസ് മേധാവിയുടെയും റാന്നി തഹസീൽദാരുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിരോധനാജ്ഞ പുറപ്പെടുവിച്ചത്. (പിഎൻപി 3557/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.